## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1074** **02-02-2026 - ൽ മറുപടിയ്ക്ക്**

## കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) അംഗീകരിച്ചിട്ടുണ്ടോ; കിഫ്ബിയിൽ നിന്ന് സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതിവിവരങ്ങൾ വ്യക്തമാക്കാമോ; | (എ) | **ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയ്ക്ക് ₹10.10 കോടി രൂപയുടെ തത്വത്തിൽ അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ. കെ.ഐ.ഐ.ഡി.സി. കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം ലഭ്യമായിട്ടില്ല.**<br><br>**കടുത്തുരുത്തി മണ്ഡലത്തിലെ ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതികളുടെ മെക്കാനിക്കൽ പ്രവൃത്തികൾക്കായി 3.18 കോടി രൂപയുടെ എസ്റ്റിമേറ്റ് 2018 - ൽ കിഫ്ബിയുടെ അംഗീകാരത്തിനായി കൈമാറിയിട്ടുണ്ട്.** |
| (ബി) | 2018-ൽ ഭരണാനുമതി ലഭിച്ചിട്ടും പ്രസ്തുത പദ്ധതി ഇതുവരെയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം എന്തെല്ലാമാണ്; പദ്ധതി സ്ഥലത്ത് പാലം / ഫൂട്ട് ബ്രിഡ്ജ് സംബന്ധിച്ച സാങ്കേതിക സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; | (ബി) | **പദ്ധതിയ്ക്ക് സാമ്പത്തിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രാവർത്തികമാക്കാവുന്നതാണ്. നിർദ്ദിഷ്ട പദ്ധതി സ്ഥലത്ത് പാലത്തിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത റെഗുലേറ്റർ നിർമ്മാണ പദ്ധതി പ്രദേശത്തിന്റെ നിലവിലെ സ്ഥിതി അനുസരിച്ച് അവിടെ പാലത്തിന് പകരം ഫൂട്ട് ബ്രിഡ്ജ് നൽകാൻ മാത്രമേ സാധിക്കുകയുള്ളൂ. അതനുസരിച്ചിട്ടുള്ള ഡി.പി.ആർ. ആണ് കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നത്.** |
| (സി) | ചെർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി ഭൂഗർഭജല ലഭ്യത വർധിപ്പിക്കുന്നതും പരിസര പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതും ലക്ഷ്യമാക്കിയാണോ ആവിഷ്കരിച്ചിരിക്കുന്നത്; പദ്ധതി പൂർത്തിയായാൽ പ്രതീക്ഷിക്കുന്ന ഗുണഫലങ്ങൾ എന്തെല്ലാമാണ്; | (സി) | **നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് ഭൂഗർഭ ജലത്തിന്റെ ലഭ്യതയിലുള്ള വർദ്ധനയും പരിസര പ്രദേശങ്ങളിൽ വേനൽ കാലത്ത് കിണറുകളിൽ ജലത്തിന്റെ ലഭ്യതയും റെഗുലേറ്റർ കം ബ്രിഡ്ജ് പൂർണമായി പ്രവർത്തന സജ്ജമാകുന്നതോടെ ഉറപ്പുവരുത്താനാകും.** |
| (ഡി) | പ്രസ്തുത കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ്, കെ.ഐ.ഐ.ഡി.സി., കിഫ്ബി എന്നിവ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; പദ്ധതി ആരംഭിക്കുന്നതിനുള്ള | (ഡി) | **സ.ഉ (സാധാ) നമ്പർ. 859/2017/ജവിവ തീയതി 17.10.2017 നമ്പർ ഉത്തരവ് പ്രകാരം ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയ്ക്ക് ₹10.10 കോടി രൂപയുടെ തത്വത്തിൽ അംഗീകാരം** |

| | | | |
|---|---|---|---|
| | പ്രധാന തടസ്സങ്ങൾ എന്തെല്ലാമാണ്; അടിയന്തരമായി പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | **നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ. കെ.ഐ.ഐ.ഡി.സി. 12.04.2018-ൽ സമർപ്പിച്ചു. തുടർന്ന് കെ.ഐ.ഐ.ഡി.സി., ജലസേചന വകുപ്പ്, കിഫ്ബിയുടെ അപ്രൈസൽ വിങ് ആയ സി.എം.ഡി.യുടെ ഉദ്യോഗസ്ഥർ എന്നിവർ പ്രസ്തുത പദ്ധതി സ്ഥലത്ത് 23.03.2022-ൽ സംയുക്ത പരിശോധന നടത്തി. അതിൻപ്രകാരം പുതുക്കിയ ഡി.എസ്.ആർ. നിരക്കിലും, രൂപകൽപ്പനയും പ്രകാരം പരിഷ്കരിച്ച ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ 17.02.2023-ൽ അനുമതിയ്ക്കായി സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ